'ഭരണഭാഷ– മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് – നഗരജ്യോതി പദ്ധതി- നഗരസഭകളിൽ നിലവിലുള്ള തെരുവ് വിളക്കുകൾ മാറ്റി പകരം എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്നതിനായി 'നഗരജ്യോതി' എന്ന പേരിൽ കെ.എസ്.യു.ഡി.പി. മുഖേന നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിരുന്ന പദ്ധതി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്

G.O.(Rt)No.945/2019/LSGD തീയതി,തിരുവനന്തപുരം, 06/05/2019

---

പരാമർശം:- 1 സ.ഉ (സാധാ.) നം.685/2014/ത.സ്വ.ഭ.വ. തീയതി 06/03/2014

2 സ.ഉ (സാധാ.) നം.2727/2014/ ത.സ്വ.ഭ.വ. തീയതി 21/10/2014

3 സ.ഉ (സാധാ.) നം.495/2015/ ത.സ്വ.ഭ.വ. തീയതി 19/02/2015

4 സ.ഉ (സാധാ.) നം.189/2015/ത.സ്വ.ഭ.വ. തീയതി 10/06/2015

5 സ.ഉ (സാധാ.) നം.2495/2015/ത.സ്വ.ഭ.വ. തീയതി 12/08/2015

6 സ.ഉ (സാധാ.) നം.2633/2015/ത.സ്വ.ഭ.വ. തീയതി 26/08/2015

7 അമൃത് മിഷൻ ഡയറക്ടറുടെ 30.1.09-ലെ A1/115/2016/KSUDP നം. കത്ത്

<u>ഉത്തരവ്</u>

കേരളത്തിലെ നഗരസഭകളിൽ നിലവിലുള്ള തെരുവ് വിളക്കുകൾ മാറ്റി പകരം ഊർജ്ജക്ഷമതയും ഉപയോഗക്ഷമതയും കൂടിയ എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്നതിനായി 'നഗരജ്യോതി പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി കെ.എസ്.യു.ഡി.പി. മുഖേന നടപ്പാക്കുന്നതിന് പരാമർശം(1) പ്രകാരം അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിബന്ധനകളും വ്യവസ്ഥകളും രൂപപ്പെടുത്തുന്നതിനും പ്രോജക്ട് റിപ്പോർട്ട് ചർച്ചകൾക്കുമായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായും ധനകാര്യ, ഊർജ്ജ വകുപ്പുകളുടെ പ്രധിനിധികൾ അംഗങ്ങളായുമുള്ള ഒരു കമ്മിറ്റിയും പ്രസ്തുത ഉത്തരവ് പ്രകാരം രൂപീകരിച്ചിരുന്നു.

2. ടി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മലപ്പുറം, ആറ്റിങ്ങൽ

നഗരസഭകളിലും കൊച്ചി കോർപ്പറേഷനിലും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ധാരാഷ ആന്റ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് (Darashaw & Co. Pvt. Ltd.), ചെന്നൈ എന്ന സ്ഥാപനത്തെ പരാമർശം(2) ലെ ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തി. തുടർന്ന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന മുറയ്ക്ക് നഗരജ്യോതി പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് M/s. KITCO ലിമിറ്റഡ് എന്ന സ്ഥാപനത്തെ പരാമർശം(3) ലെ ഉത്തരവ് പ്രകാരം ട്രാൻസാക്ഷൻ അഡ്വൈസറായി നിയമിച്ചു.

3. M/s. KITCO ലിമിറ്റഡ് ആർ.എഫ്.പി. തയ്യാറാക്കുകയും ആയത് പരാമർശം(4)- ലെ ഉത്തരവ് പ്രകാരം പ്രകാരം ചില നിബന്ധനകൾക്ക് വിധേയമായി സർക്കാർ അംഗീകരിക്കുകയും ചെയ്തു. തുടർന്ന് പരാമർശം(5)-ലെ ഉത്തരവ് പ്രകാരം മത്സരാധിഷ്ഠിത ദർഘാസിലൂടെ "നഗരജ്യോതി പദ്ധതി" നടപ്പിലാക്കുന്നതിനുള്ള ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കെ.എസ്.യു.ഡി.പി.യെ സർക്കാർ ചുമതലപ്പെടുത്തി. പരാമർശം(6)-ലെ ഉത്തരവ് പ്രകാരം "നഗരജ്യോതി പദ്ധതി"യുടെ ആർ.എഫ്.പി.യ്ക്ക് സർക്കാർ അന്തിമ അംഗീകാരം നൽകുകയും ധാരാഷ ആന്റ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ ഡി.പി.ആർ അംഗീകരിക്കുകയും പദ്ധതി നടപ്പാക്കുന്നതിന് വ്യക്തിപരമായ മേൽനോട്ടം വഹിക്കാൻ കെ.എസ്.യു.ഡി.പി. പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു.

4. തുടർന്ന് പദ്ധതി നടപ്പാക്കുന്നതിന് സന്നദ്ധത അറിയിച്ച 36 നഗരസഭകളെ മൂന്ന് ക്ലസ്റ്ററുകളായി തിരിച്ച് കെ.എസ്.യു.ഡി.പി. ദർഘാസുകൾ ക്ഷണിച്ചു. ഇപ്രകാരം ലഭിച്ച ദർഘാസുകൾ അന്തിമമാക്കുന്നതിനുള്ള നടപടികൾ നടന്നു വരവേ 31/3/2017-ൽ കെ.എസ്.യു.ഡി.പി.യുടെ പ്രവർത്തനം അവസാനിപ്പിച്ചതിനാൽ നഗരജ്യോതി പദ്ധതിയുമായി മുന്നോട്ട് പോകാനായില്ല. കെ.എസ്.യു.ഡി.പി.യുടെ പ്രവർത്തനം അവസാനിച്ച ശേഷം രണ്ട് വർഷം അധികരിച്ച സ്ഥിതിക്ക് നഗരജ്യോതി പദ്ധതി നടപ്പിലാക്കാൻ സന്നദ്ധത അറിയിച്ചിട്ടുള്ള നഗരസഭകളോട് സ്വന്തം നിലയ്ക്ക് പ്രോജക്ട് നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകി പ്രോജക്ട് അവസാനിപ്പിച്ച് സർക്കാരിൽ നിന്ന് ഉത്തരവ് ഉണ്ടാകണമെന്ന് പരാമർശം(7)കത്ത് പ്രകാരം മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

5..സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കെ.എസ്.യു.ഡി.പി.യുടെ പ്രവർത്തനം അവസാനിച്ച ശേഷം രണ്ട് വർഷം അധികരിച്ച സാഹചര്യത്തിലും അമൃത് മിഷൻ ഡയറക്ടറുടെ പരാമർശം (7) കത്തിലെ ശിപാർശ കണക്കിലെടുത്തും, കേരളത്തിലെ നഗരസഭകളിൽ നിലവിലുള്ള തെരുവ് വിളക്കുകൾ മാറ്റി പകരം ഊർജ്ജക്ഷമതയും ഉപയോഗക്ഷമതയും കൂടിയ എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്നതിനായി പരാമർശം (1) പ്രകാരം അംഗീകാരം നൽകിയിരുന്ന നഗരജ്യോതി പദ്ധതി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സന്നദ്ധത അറിയിച്ചിട്ടുള്ള നഗരസഭകൾക്ക് സ്വന്തം നിലയ്ക്ക് പ്രോജക്ട് നടപ്പിലാക്കാവുന്നതാണ്.

6.നഗരജ്യോതി പദ്ധതിയുമായി ബന്ധപ്പെട്ട് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള, ടെണ്ടറുകൾ നൽകിയ കരാറുകാരുടെ ഇ.എം.ഡി. തുക തിരികെ നൽകുന്നതിന് അമൃത് മിഷൻ ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU. L.
SPECIAL SECRETARY

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

മിഷൻ ഡയറക്ടർ, അമൃത്, തിരുവനന്തപുരം

നഗരസഭാ സെക്രട്ടറിമാർക്ക് ( നഗരകാര്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2019.05.07 11:58:33 IST
Reason: Approved
സെക്ഷൻ ഓഫീസർ